രാമചരിതം: നൂറാം പടലം

വ്യാഖ്യാ: ഡോ. ഫാ. ജോബി ജേക്കബ്

രാമചരിതം: നൂറാം പടലം
വ്യാഖ്യാതാവ്: ഡോ. ഫാ. ജോബി ജേക്കബ്
(മലയാളം: കവിത)

Editorial content © 2023, Dr. Fr. Joby Jacob

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution ShareAlike license for free download and usage.

Rama Chastises the Dying Vali, a painting by Annonymous. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

രാമചരിതം:
നൂറാം പടലം

സംഗ്രഹം

രാമ-രാവണയുദ്ധം അതിന്റെ പരിസമാപ്തിയിലെത്തുന്നു. രാമൻ രാവണന്റെ തലകൾ ഓരോന്നും അരിഞ്ഞു വീഴ്ത്തുന്നു. പക്ഷേ, അവ ഉടൻതന്നെ മുളച്ചു വരുന്നതായി കാണുന്നു. ഈ ദൃശ്യം കണ്ട് ഇന്ദ്രന്റെ തേരാളിയായ മാതലി രാമനെ സമീപിച്ചു പറഞ്ഞു: എത്ര തവണ തലയരിഞ്ഞാലും രാവണന്റെ വധം നടപ്പാക്കാൻ കഴിയില്ല. ഇനിയുള്ള ഏക പരിഹാരം പൈതാമഹാസ്ത്രം പ്രയോഗിക്കലാണ്. രാക്ഷസരാജാവിന്റെ ജീവനെടുക്കാൻ മാതലി പറഞ്ഞു കൊടുത്ത ഉപായം രാമൻ പ്രയോഗിച്ചതോടെ രാവണന്റെ ഉടൽ പിളർന്നു. പൈതാമഹാസ്ത്രത്തിന്റെ ശക്തിയും മാഹാത്മ്യവും വർണിക്കുകയും അത് പ്രയോഗിച്ചപ്പോൾ പ്രപഞ്ചത്തിലെമ്പാടുമുണ്ടായ ഭാവഭേദം വിവരിക്കുകയും ചെയ്യുന്നതാണ് ഈ പടലം. രാവണന്റെ ജീവനെടുത്ത്, ശരീരം ഛിന്നഭിന്നമാക്കി നിയോഗം പൂർത്തിയാക്കിയ അസ്ത്രം ഒടുവിൽ ഭൂമിയിൽ പതിച്ചു.

പാട്ട് 1

ഒക്കെക്കുമരിന്തിട്ടവയെല്ലാം നിരവേ വീഴ്-
ന്തൊപ്പുള്ള ചമൈപ്പോടിടകെട്ടിത്തമ്മിൽ വിമ്മി-
ത്തിക്കെങ്കുമുലൈക്കിൻറവനുറ്റൊൻറുളവാകി-
ത്തിഴ്ലിൻറ തലൈപ്പന്തി മലൈപ്പന്തി കണക്കേ
തക്കംവരുമിപ്പോരിലിലങ്കൈക്കരചൻറൻ
ചട്ടറ്റചിരം പത്തുമറുത്താലെൻറ മേടം
കൈക്കൊണ്ട മനത്തിന്നു കനത്തോരു വിവേകം
കൈവന്തരചൻ പണ്ടുകഴിന്തേടം നിനൈന്താൻ.

രാമൻ അരിഞ്ഞിട്ട രാവണന്റെ ശിരസ്സുകളെല്ലാം നിരക്കവേ വീണു. അവയെല്ലാം തുല്യമായ അലങ്കാരത്തോടെ തമ്മിൽക്കൂടി ഞെരുങ്ങി. സകല ദിക്കുകളെയും ഉലയ്ക്കുന്ന രാവണന്റെ ശിരസുകളുടെ നിര മലനിരപോലെ ആകാശത്തു നിറഞ്ഞു. ഈ യുദ്ധത്തിൽ ലങ്കാധിപന്റെ തികവുറ്റ പത്തു തലകളും ഛേദിച്ചാൽ ഈ യുദ്ധത്തിനറുതി വരുമെന്ന കാര്യം മനസ്സിൽ തോന്നി. വിവേകം വന്ന രാമൻ പണ്ടു കഴിഞ്ഞ കാര്യം വിചാരിച്ചു.

കുറിപ്പ്

ഒപ്പുള്ള – തുല്യമായ
ചമൈപ്പ് – അലങ്കാരം
വീഴ്ന്തു – വീണു
തിക്ക് – ദിക്ക്
തലൈപ്പന്തി – തലകളുടെ നിര
മലൈ – മല
ചട്ടറ്റ – തികവുള്ള
എൻറുമേടം – എന്ന കാര്യം
കൈവന്ത – കൈവന്ന
കഴിന്തേടം – കഴിഞ്ഞ കാര്യം
നിനൈന്താൻ – അവൻ വിചാരിച്ചു

പാട്ട് 2

എന്തായ് മുടിയേിൻറോരിതികൽക്കെൻറെതിരിട്ടോ-
രെന്നാൽ കരൻ മാരീചൻ വിരാതൻ വെലവാനായ്
വന്തോരു കവന്തൻ കവി വേന്തൻ മകരാഴ്കൻ
വമ്പീടിന കുമ്പൻ ചെനകൻ മറ്റമനേകം
തന്താപങ്കളുമ്പർക്കു കൊടുപ്പോരിവരെല്ലാം
തൻ പോരിടയമ്പാലിതിൻ മുമ്പാലറമായ്ന്താർ
ചിന്താകുലമുള്ളത്തിൽ മുഴക്കും പടിവന്തു
ചെൽവങ്കൾ ചരങ്കൾക്കുമെനിക്കും കനമിന്നേ.

ഇതെങ്ങനെ അവസാനിക്കും? യുദ്ധത്തിൽ എന്നോട് എതിരിട്ടതുമൂലം ഖരൻ, മാരീചൻ, വിരാധൻ, ബലവാനായി വന്ന കബന്ധൻ, വാനരേശനായ ബാലി, മകരാക്ഷൻ, ശക്തനായ കുംഭന്റെ അച്ഛനായ കുംഭകർണൻ, ദേവന്മാർക്ക് സങ്കടം കൊടുത്ത മറ്റനേകർ–ഇവരെല്ലാം ഇതിനു മുമ്പ് യുദ്ധത്തിൽ തന്റെ അമ്പു കൊണ്ട് നശിച്ചു. ഉള്ളിൽ ചിന്തയുടെ ആകുലത വർദ്ധിപ്പിക്കുന്ന വിധത്തിൽ ഇന്ന് എനിക്കും ശരങ്ങൾക്കും ഐശ്വര്യം ഏറിയിരിക്കുന്നു.

കുറിപ്പ്

മുടിയുക – അവസാനിക്കുക
കരൻ – ഖരൻ
വെലവാൻ – ബലവാൻ
കവന്തൻ – കബന്ധൻ
മകരാഴ്കൻ – മകരാക്ഷൻ
വമ്പീടിന – ശക്തനായ
കവിവേന്തൻ – കവിശ്രേഷ്ഠനായ ബാലി
ചെനകൻ – ജനകൻ
അറമായ്ന്താർ – മുഴുവൻ മാഞ്ഞു
ചെൽവല – ഐശ്വര്യം

പാട്ട് 3

ഇന്നേയിവനാപത്തറുവാനാം വഴികാണ്മാ-
നെന്താവതെനക്കെൻറു നിനൈക്കും. മന്നനുളം
നന്നായ് വിളയാടത്തെളിവാൻ മാതലി ചൊൻറാൻ
നത്തഞ്ചര മന്നൻ തലൈ പത്തും പലപോതായ്
ഒന്നായിരമീവണ്ണ മറുത്താലു മറാവൊ-
ൻറൊന്നാർ കുലകാലായിവൻ വാണാളിനിയെൻറ
മന്നേഴിനു മാപത്തറുവാനത്തിരം ഞാൺവായ്
മന്നാതൊടു പൈതാമകം മറ്റൊൻറുഴറാതേ.

(പൈതാമഹാസ്ത്രം പ്രയോഗിക്കാൻ മാതലി രാമനെ ഉപദേശിക്കുന്നു) ഇന്നുതന്നെ എനിക്ക് ആപത്ത് അവസാനിപ്പിക്കാൻ വഴി കണ്ടെത്താൻ എങ്ങനെ കഴിയും എന്ന് ചിന്തിക്കുന്ന രാജാവിന്റെ മനസ്സിനു സമാധാനം നല്കി, മാതലി പറഞ്ഞു: രാക്ഷസരാജാവിന്റെ പത്തുതലകളും പലപ്പോഴായി ഒരായിരംവട്ടം അരിഞ്ഞാലും അവന്റെ ജീവിതം കാലാകാലം വാണുകൊണ്ടിരിക്കും. ഇനി എന്നും ഏഴു ലോകങ്ങൾക്കും ആപത്ത് അവസാനിപ്പിക്കാൻ പൈതാമഹാസ്ത്രം തൊടുത്തുവിടുക രാജാവേ, ഇനി മറ്റൊന്നിനും ശ്രമിക്കരുതേ.

കുറിപ്പ്

നത്തഞ്ചരൻ – നക്തഞ്ചരൻ (രാക്ഷസൻ)
പലപോത് – പലപൊഴുത് (പല പ്രാവശ്യം)
അറാവോൻറ് – അവസാനിക്കാത്തത്
പൈതാമകം – പൈതാമഹം
വിളയാടിത്തെളിവാൻ – സന്തോഷിക്കാൻ
മറ്റൊൻറുഴറാതെ – മറ്റൊന്നിനും ശ്രമിക്കരുത്

പാട്ട് 4

മറ്റൊൻറിലുമാമല്ലയിലങ്കൈക്കരചൻതൻ
വാണാളൈയറുപ്പാൻ തൊടു പൈതാമകമാം പേർ-
പെറ്റത്തിരമെൻറാലിനിയെൻറുള്ളതു നൻറായ്
വേതിത്തിതോരോൻറേ പലതും മാതലി ചൊല്ല
തെറ്റെന്നു തൊടുത്താനതെടുത്താഴ് കടൽവെള്ളം
തിൺകൈയിലടക്കിപ്പരുകും മാമുനിയെക്കൊ-
ണ്ടുറ്റുങ്ക കൊടുക്കെന്നു കൊടുപ്പിത്തിരുന്തൊരാ-
നുമ്പർക്കരചൻ മുമ്പിലൊരിക്കാലിതിനൊന്നേ.

"മറ്റൊന്നു കൊണ്ടും ലങ്കാരാജാവിന്റെ ജീവിതം അവസാനിപ്പിക്കാൻ കഴിയില്ലാത്തതുകൊണ്ട് പേരുകേട്ട പൈതാമഹാസ്ത്രം തൊടുക്കുക, എങ്കിൽ ഇനിയുള്ള യുദ്ധം നന്നായി വരും" എന്ന് മാതലി അറിവോടെ പറയുമ്പോൾ പണ്ടൊരിക്കൽ ഇതിന് ഒന്നു മാത്രമേ (പരിഹാരം) ഉള്ളുവെന്നു കരുതി ദേവേന്ദ്രൻ, ആഴമുള്ള കടൽവെള്ളം കരുത്തുള്ള കയ്യിലെടുത്തു കുടിച്ച മഹാമുനി (അഗസ്ത്യമഹർഷി) യെക്കൊണ്ട് 'സ്നേഹപൂർവം കൊടുക്കുക' എന്നു പറഞ്ഞുകൊണ്ട് കൊടുപ്പിച്ച പൈതാമഹാസ്ത്രം രാജാവ് എടുത്തു തൊടുത്തു.

പാട്ട് 5

ഒന്നേനുമൊരുത്തർക്കുമൊരി
കാലുമെതിർപ്പാ-
നേറ്റം പണിയാവൊൻറയൻ
നിർമ്മിച്ചരുൾ ചെയ്തൊ-
ൻറന്നേയമരേചനുലകീ
രേഴിലുമീടി-
ൻറാപത്തെയറുത്തമ്പൊടു
പാലിത്തുകൊൾവാനായ്
ഒന്നായിരമൊന്നാരുടലൂടെ
നട കൊണ്ടൊ-
ന്നൊക്കെങ്കുമണിന്തൊന്നര
കേചൻപടിചെയ്തൊ-
ൻറാന്താരെന വെല്ലുമതഴൽ
ക്കൊത്തുവിളങ്കും
വാണം മന്നർ മാണിക്കമുഴറ്റോടു
തൊടുത്താൻ.

ശത്രുക്കൾക്ക് ഒരിക്കലും എതിർക്കാനാവാത്തതും മയൻ നിർമ്മിച്ചതും പതിന്നാലു ലോകത്തേയും ആപത്തുവരാതെ പരിപാലിക്കുന്നതുമായ അസ്ത്രം രാമൻ ശക്തിയോടെ തൊടുക്കുന്നു.

പാട്ട് 6

മാണിക്കങ്കളെല്ലാറ്റിനും മേലേയെതിരില്ലാ-
വാനം തന്നുടമ്പാകി മടിച്ചുഴിയുമാകി
ചേണുറ്റെഴും വെയ്യോനൊടു തീയുംമുനയാകി-
ച്ചെൽവം കിളർ വായുക്കൾ നറും തുവലുമായി
കാണൽക്കിതമാമ്മേരുവുമമ്മന്തരവും മുൻകൈ-
ക്കാതൽക്കു വലംകൈ വെലമായെങ്കും വിളങ്കും
വാണത്തെയെടുത്തേഴു പുവനത്തിനു മരക്കൻ
മാലുറ്റനിറൈക്കിൻറതൊഴിക്കെന്നു തൊടുത്താൻ.

എല്ലാറ്റിനേക്കാളും ഔന്നത്യമുള്ള മാണിക്യമായി, തന്റെ ശരീരം ആകാശമായി, മടമ്പ് (കാൽ) ഭൂമിയായി, ശോഭയുള്ള സൂര്യനും അതിന്റെ തീയും മുനയായി, പ്രസിദ്ധമായ വായുക്കൾ നല്ല തൂവലായി, കാണാൻ ഭംഗിയുള്ള മഹാമേരു പർവതങ്ങൾ ഉള്ളുറപ്പുള്ള മുൻകൈ വലം കൈയുമായി എങ്ങും വിളങ്ങുന്ന അസ്ത്രമെടുത്ത് ഏഴു ലോകത്തിനും പ്രയാസമൊഴിവാക്കണേയെന്നു ധ്യാനിച്ചുകൊണ്ട് തൊടുത്തു.

കുറിപ്പ്

ഉടമ്പ് – ശരീരം

പാട്ട് 7

എന്നും തുയർ പാർമൂൻറിനുമില്ലാക്കി
മുടിപ്പൊ-
ൻറെക്കാലവും വാനോർ പകൈയർ
ക്കത്തൽ പുണർപ്പൊ-
ൻറൊന്നാലുമൊരുത്തർക്കു
ചെറുപ്പാനരുതാതൊ-
ൻറുൾക്കാമ്പിൽ നടുക്കം
വിളയിപ്പോൻറു പലർക്കും
മന്നേഴുമെരിക്കിൻറ നമൻ
പാവകനെൻറും
വൻപീടിന നാകേന്തിരനെൻറും
കരുതാവൊ-
ൻറെന്നല്ലതു തേരാനതുര
ങ്കങ്കളൈയിപ്പോ-
തെല്ലാറ്റെയുമില്ലാക്കി വെല്ലിൻറമ്പു
തൊടുത്താൻ.

മൂന്നു ലോകത്തിനും എന്നും സങ്കടമില്ലാതാക്കി തീർക്കുന്നതും ദേവന്മാരുടെ ശത്രുക്കൾക്ക് എക്കാലവും ദുഃഖം നല്കുന്നതും ആർക്കും ഒന്നുകൊണ്ടും ചെറുക്കാനാവാത്തതും പലർക്കും ഉൾക്കാമ്പിൽ ഭയം നിറയ്ക്കുന്നതും ഏഴു ലോകവും എരിയിക്കുന്ന യമനെന്നും അഗ്നിയെന്നും ശക്തനായ നാഗേന്ദ്രനെന്നും കരുതാവുന്നതും മാത്രമല്ല, രഥങ്ങൾ, ആനകൾ, കുതിരകൾ എന്നിവയെയെല്ലാം നശിപ്പിച്ച് വെല്ലുന്നതുമായ അമ്പ് രാമൻ തൊടുത്തു.

കുറിപ്പ്

തുയർ – ദുഃഖം
പാർ മൂൻറിനും – മൂന്നു ലോകത്തിനും
അത്തൽ – ദുഃഖം
പുണർപ്പൊൻറ് – പുണരാൻ
ചെറുപ്പാൻ – ചെറുക്കാൻ
നാകേന്തിരൻ – നാഗേന്ദ്രൻ
തേരാനതുരങ്കങ്കളെ – തേര്, ആന, കുതിരകൾ

പാട്ട് 8

അമ്പിപ്പടി മുമ്പുള്ളവ മന്നൻ ചിലൈ ഞാൺ വാ-
യഞ്ചുംപടി നത്തഞ്ചരർ ചിത്തങ്കളടക്കം
മുമ്പുറ്റ തൊടുത്തോരളവുഴിക്കു നടുക്കം
മൂർപ്പാടുതുടങ്കിക്കനമായ് മാതലിയോടും
ഉമ്പർക്കുവിളങ്കി മുകമൊക്കച്ചുവന്തുവി-
ണ്ണുഴിപ്പൊടി കോരിപ്പവനൻ വീചിനൻ വെയ്യോൻ-
വിമ്പം വിരൈന്തെക്കെങ്കുമിരുണ്ടു വിളങ്കപ്പോയ്
വീരംകിളർ വേന്തൻ മുകം വെൺടിങ്കളിതെന്നേ.

ഇപ്രകാരം പുരാതനമായ അമ്പ്, മുഴുവൻ രാക്ഷസന്മാരും ഭയപ്പെടുംപോലെ രാജാവ് വില്ലിന്റെ ഞാൺ വായോട് (കവിളിൽ) ചേർത്തപ്പോൾ ഭൂമിക്ക് വലിയ നടുക്കമുണ്ടായി. മാതലിയുടെയും ദേവൻമാരുടെയും മുഖം ചുവന്നു കനം വച്ചു. ആകാശം ചുവന്നു. കാറ്റ് മൺപൊടി വീശി. സൂര്യബിംബം വേഗം ഇരുണ്ടു. വീര്യമേറിയ രാജാവിന്റെ മുഖം വെൺതിങ്കൾ പോലെ വിളങ്ങി.

കുറിപ്പ്

ഇപ്പടി – ഇപ്രകാരം
നത്തഞ്ചരർ – രാക്ഷസർ
ചിത്തങ്കൾ – ഹൃദയങ്ങൾ
മൂർപ്പാട് – നല്ലവണ്ണം
വിമ്പം – ബിംബം

പാട്ട് 9

എന്തായ്പ്പിണംവാരും
കഴുകൻമാരെഴുപാറും
നായും നരി പേ കാകങ്കളെ
ൻറുള്ളവയറ്റി-
ന്നെന്നുംവയിറാരപ്പിണവും
വൻനിണവും കു-
ടെക്കാലവും നൽകും മലൈയെല്ലാം
പൊടിയാകും
ചെന്നേറുമന്നേരത്തു മറൈന്തേ
മുടിയും പോയ്-
ച്ചെൽവംകിളർ നീരാഴിവർണ്ണൻ
തൻ നിറം മേൻമേൽ
ഒന്നിൻറചരം തൻ മുനമേൽ
മന്നവർകോമാ-
നോതീടിന നൻമന്തിര
മുറ്റത്തിരുവായാൽ.

എന്നും ശവം വാരുന്ന എഴുപാർ കഴുകൻമാർ, നായയും നരിയും, കാക്കകൾ എന്നിവയ്ക്കെല്ലാം എപ്പോഴും വയറ് നിറയത്തക്കവണ്ണം ശവവും ചോരയും എപ്പോഴും നല്കുന്നതും ചെന്നുപതിക്കുമ്പോൾ മലകളെ പൊടിയാക്കുകയും എല്ലാം മറഞ്ഞു തീരുകയും അഴകേറിയ നീരാഴിവർണ്ണന്റെ നിറം മേന്മേൽ ചേരുന്നതുമായ അസ്ത്രത്തിന്റെ മുനമേൽ രാജാധിരാജൻ (രാമൻ) തന്റെ തിരുവായാൽ മന്ത്രമോതി.

കുറിപ്പ്

പിണം – ശവം
ചെൽവം – ഐശ്വര്യം, അഴക്

പാട്ട് 10

വായാലയൻ നാമങ്കൾ മൊഴിന്തുള്ളിലഴിന്ത-
മ്മല്ലാർ കുഴൽകൈയാവരണങ്കച്ചിലൈയുന്തി-
ക്കായാമലർവർണ്ണൻ തന്നിടങ്കൈകൊടു ചാപം
കാതേറവലിത്തേറ വലങ്കൈ കൊടു ഞാണും
പോയേറ നിറൈത്തോരളവിൽപ്പോയിതം വേന്തേ
പോയിതുലകീരേഴുമെരിന്തെന്നിടരേറി
പേയായിതു കാണിൻറവർ പൈതാമകമായി-
പ്പേരാലുര ചേർന്തത്തിരമുറ്റാർന്തതുകണ്ടേ.

അധരങ്ങൾക്കൊണ്ട് ബ്രഹ്മാവിന്റെ നാമങ്ങൾ ഉള്ളഴിഞ്ഞു ജപിച്ചു കൊണ്ട്, സുന്ദരിമാരുടെ കൈകൾ ചേർന്നുവണങ്ങുമാറ്, കായാമ്പൂ നിറമുള്ളവനായ രാമൻ തന്റെ ഇടതുകൈ കൊണ്ട് വില്ല് ചെവിവരെ ഉയർത്തി വലതു കൈകൊണ്ട് ഞാൺ വലിച്ചു നിറച്ച അവസരത്തിൽ പൈതാമഹമെന്ന പേരുകേട്ട അസ്ത്രം വരുന്നതു കണ്ട് പതിനാലു ലോകവും നല്ലവണ്ണം വെന്തെരിഞ്ഞുവെന്നു കരുതി കണ്ടുനിന്നവർ ഭയപ്പെട്ടുപോയി.

കുറിപ്പ്

കായാമലർവർണ്ണൻ – കായാമ്പൂ നിറമുള്ളവൻ (ശ്രീരാമൻ)

പാട്ട് 11

ആർന്തെങ്കുമെരിന്തത്തിരം
വേന്തൻചുമൽമുട്ടോ-
ടായപ്പടമുറ്റിച്ചൊലി
കെടുത്തുവിട്ടാൻ
തീർന്തു തുയർ പാർമൂൻറിനുമെൻറും
പടി വേകം
ചേർന്തത്തിരം വീരം വീരം
കിളർനത്തഞ്ചരൻ നെഞ്ചിൽ
പായ്ന്തുള്ളിലിരുന്തോരുയിരോടും
പലപാടും
പായിൻറ പിണത്തോടുമിത
ത്തോടുമൊരിക്കം
ചേർന്തങ്ങു പുറപ്പെട്ടതു
മുഴ്ലിപ്പുവിയിൽപ്പോയ്-
ത്തീരേറ വിരൈന്തേറിനറും
തുവൽ തന്നോളം.

ആർത്തെങ്ങുമെരിഞ്ഞ അസ്ത്രം രാജാവ് തന്റെ ചുമലിനോടും (കൈ) മുട്ടിനോടും ചേർത്ത് ഒലികെട്ടുമ്മാറ് തൊടുത്തുവിട്ടു. മൂന്നു ലോകത്തിനും ദുഃഖം തീർന്നെന്നു തോന്നുമാറ് വേഗമാർന്ന അസ്ത്രം രാക്ഷസന്റെ നെഞ്ചിൽ പാഞ്ഞ് അയാളുടെ ഉള്ളിലിരുന്ന ജീവനോടും ചുറ്റും ചിതറുന്ന ശവത്തോടും കൂടെ നല്ലവണ്ണം ചേർന്ന് പുറപ്പെട്ട് വളരെ വേഗത്തിൽ തൂവൽമാത്രം പുറത്തു കാണത്തക്കവണ്ണം ഭൂമിയോട് ചേർന്നു.

കുറിപ്പ്

വേന്തൻ – രാജാവ്

ഡോ. ഫാ. ജോബി ജേക്കബ്

അസി. പ്രൊഫ, മലയാളവിഭാഗം, നിർമ്മലഗിരി കോളേജ്, കൂത്തുപറമ്പ്.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുകയോ, ഈ വെബ് പേജിൽ കമ്മന്റുകളായി ചേർക്കുകയോ ചെയ്യുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014